
ബി. എസ്.സി. കെമിസ്ട്രി രണ്ടാം വർഷം.

# ആദിപാപം



എൻെറ ഈ പണിതുടങ്ങിയശേഷം ആദ്യമായാണ് തോൽവിയുടെ രസമറിഞ്ഞത്. ഈ പണി എന്തെന്നോ, അതു പറയാൻ വരട്ടെ.

ഞങ്ങളുടെ യൂനിയനിൽ ഏറ്റവും പ്രാഗത്ഭ്യവും ആത്മാർത്ഥതയുമുള്ളവനെന്ന നിലയ്ക്ക് എത്ര മെഡലുകളും, സർട്ടിഫിക്കറ്റുകളുമാണ് കിട്ടിയത്. സ്വയം പുകഴ്ത്തുകയൊന്നുമല്ല കേട്ടോ, അതെനിയ്ക്ക് വശമില്ലെന്ന് നിങ്ങൾക്കറിയില്ലേ.

ഓ.... ഓർക്കുമ്പോഴേ ഒരു നാണക്കേട് വേണ്ടായിരുന്നു, ഈ വയസ്സുകാലത്ത് കുഞ്ഞായിരിക്കുമ്പോ തുടങ്ങിയതാ. അവിടന്നടിവെച്ചടിവെച്ച് കയറ്റം. പ്രമോഷനുകൾ എന്തെല്ലാം.

ഇന്നലെയാണവൻെറ കത്തു വന്നത്. ബാക്കി പണമടക്കാൻ കാലമായെന്ന്. അവനങ്ങ് കർണാടകയിലാ, പഠിക്കുവാ എം.ബി.ബി.എസ്സിന്, അവൻെറ അമ്മയുടെ ആഗ്രഹം കൊണ്ടാ അവനെ അവിടെ വിട്ടത്.ഒരേയൊരു മോനല്ലേ. പക്ഷെ.... പണത്തിൻെറ കാര്യമാണ് അവിടെ ഒരബദ്ധം പറ്റി. ഇതുവരെ സമ്പാദിച്ചതൊട്ടുമുക്കാലും എൻെറ ഒന്നാം ഭാര്യയുടെ പേരിലായിപ്പോയി. അവളൊരു ഭദ്രകാളിയാ....

അതിനാലാ ഈ വയസ്സുകാലത്ത് ഞാൻ ഇതിന് പിന്നെയുമൊരുമ്പെട്ടത്. എത്ര കൂട്ടിയിട്ടും പണം തികയുന്നില്ലല്ലോ.

പതിവുപോലെ ഭഗവാന്ന് വിളക്കും കത്തിച്ചു വെച്ചിറങ്ങി. റോഡിലെങ്ങും വെളിച്ചമില്ല. അരണ്ട നിലാവുണ്ട്. വിറയലുണ്ടോ... കുറെ കാലത്തിനു ശേഷമല്ലേ അതായിരിക്കും.

ഒരു പൂച്ച കുറുകെ ഓടി. അപശകുനം. “കാക്കണേ...ഭഗവാനെ”

എത്തിപ്പെട്ടത് അറിയപ്പെടുന്ന നേതാവും സാമൂഹ്യ പ്രവർത്തകനുമായ......... അദ്ദേഹത്തിൻെറ പേര് എനിക്ക് നിങ്ങളോട് പറയാൻ വയ്യല്ലോ. വീടിന് മുന്നിലാണ്. പാറാവുകാരൻ ഉറക്കത്തിലാണ്. ജാലകത്തിലൂടെ വരുന്ന വെളിച്ചം ഉദ്യാനത്തിൽ നിഴലുകൾ വിരിച്ചിരിക്കുന്നു.

മകൻെറ ജാലകത്തിന് മുന്നിലാണാദ്യം എത്തിയത്. ‘ഓ..... ദൈവേ, ഇതെന്തുപറ്റി’! ഇന്നു വൈകീട്ട് കണ്ടപ്പോ കുഴപ്പമൊന്നുമില്ലാതിരുന്ന ചെക്കനാ. അവനൊരപസ്മാര രോഗി മാതിരി തുള്ളുവാണ്. കൂടെ അവൻെറ ഒറ്റക്കമ്മലും. എന്തോ ഒന്ന് ചെവിയിൽ തിരികിക്കയറ്റിയിട്ടുമുണ്ട് . ഫാൻ ഫുൾ സ്പീഡിൽ കറങ്ങുന്നു. ചെക്കനാകെ വിയർത്തിട്ടുണ്ടല്ലോ. ചുവരിലെ സുന്ദരി ഒന്നു കണ്ണിറുക്കിയോ? ഇവിടെ ശരിയാവില്ല മകളുടെ റൂമാണടുത്തതെന്നു തോന്നുന്നു. അവൾ പഠിക്കുകയായിരിക്കും.

ഒരു സുന്ദരിപ്പെണ്ണ്. തടിച്ച പുസ്തകം തുറന്നു വെച്ചിരിക്കുന്നു. കാറ്റിൽ താളുകൾ പറക്കുന്നുമുണ്ട് അവളെന്താ ചെയ്യുന്നേ, ചുരിദാറെടുക്കുന്നു കണ്ണാടിയിൽ പോസ്സുചെയ്യുന്നു. ചിരിക്കുന്നു, വളയെടുക്കുന്നു, പൊട്ട് കൺമഷി, ലിപ്സ്റ്റിക്ക് ഓ....ൻെറ കൃഷ്ണാ....

ഇതദ്ദേഹമാണല്ലോ മുറിയിൽ ലൈറ്റ് കമ്മിയാണ്. ഓ കാസറ്റിട്ടുകൊണ്ടാണ്. വത്തക്കതോട് പോലെ കമഴ്ത്തിയപോലെ കഷണ്ടി മാത്രം കാണുന്നുണ്ട്. ഓ... ൻെറ സർവ്വേശ്വരാ, എന്തെല്ലാമാണോ സ്ക്രീനിൽ. നിങ്ങളോടൊന്നും പറയാങ്കൊള്ളില്ല. ഇദ്ദേഹത്തെ ശല്ല്യപ്പെടുത്തണ്ട.

ഇതാണയാടെ ഭാര്യ. ഇടയ്ക്കിടെ ഒരു നോക്കു കണ്ടിട്ടുണ്ടെന്നല്ലാതെ ഇത്രയടുത്തു കാണുന്നതാദ്യമാ. തടിച്ച ദേഹം. ലിപ്സ്റ്റിക്ക് പുരട്ടിയ ചുണ്ടിൽ ഒരീച്ചയിരിക്കുന്നു. ഗൗണിനാ തടിച്ച ശരീരത്തെ ഉൾക്കൊള്ളാനാവുന്നില്ല. കഴുത്തിൽ കല്ലുവെച്ച മാല. പത്തുപന്ത്രണ്ടു പവൻ മതിക്കും. തൽക്കാലം ഇതുമതി. ശബ്ദമുണ്ടാക്കാതെ അകത്തുകയറി അതുമെടുത്ത് സ്ഥലം വിട്ടു.

വീട്ടിലെത്തി പരിശോധിക്കുമ്പോഴാ...... എൻെറയീതോ ൽവിയെനിക്കു മനസ്സിലായത്. ഇതെൻെറ രണ്ടാം കെട്ട്യോള് കനകാംബരിക്ക് ഞാൻ സമ്മാനിച്ച അവളുടെ പേര് കൊത്തിയ മാലയാണ്. ഇനി ഞാനെന്തു ചെയ്യും. ഇതു കൊടുത്താലവളു കണ്ണുരുട്ടും.

‘ഈ വയസ്സു കാലത്ത്, അതും സ്വന്തക്കാരുടെ നിങ്ങക്കെങ്ങിനെയിതു തോന്നി പെരട്ട കെളവാ....’

അസീറ എൻ. പി
ബി.കോം രണ്ടാം വർഷം



# കാടിന്റെ മർമ്മരങ്ങൾ

ഒരിക്കൽ ഡി. എഫ്. ഒ. യും, കലക്ടറും കൂടി അവിടത്തെ, കാടിന്റെ നടുവിലുള്ള കാട്ടുനായിക്കകുടിലിൽ സന്ദർശിക്കാൻ പോയി. സന്ദർശനത്തിന് ഒരു ഉദ്ദേശ്യം കൂടി ഉണ്ടായിരുന്നു.

സർക്കാറിന്റെ പുതിയ നൂറ്റൊന്നു ദിന വികസന പരിപാടിയിൽ ആദിവാസികൾക്ക് അവർക്കാവശ്യമായ എന്തും നൽകാൻ ഉത്തരവുണ്ട്.

അവരുടെ ആവശ്യങ്ങളറിഞ്ഞ് ഉത്തരവ് നടപ്പിലാക്കാനായിരുന്നു കലക്ടർ ആ ഊരിൽ എത്തിയത്.

കലക്ടർ ആദ്യം എത്തിയത് മൂപ്പന്റെ മുന്നിലായിരുന്നു. അപ്പോഴേക്കും ചുറ്റുമുള്ള കുടിലുകളിലെ പെണ്ണുങ്ങളും, കുട്ടികളും ഒരു പതിനഞ്ചടി വിട്ട്, തെല്ലു ഭയത്തോടെ അവർക്കു ചുറ്റും നിന്നു. മൂപ്പന്റെ കുടിയിൽ നിന്ന് രണ്ട് കണ്ണുകൾ ഒരു ചെറിയ ദ്വാരത്തിലൂടെ പുറത്തുള്ള സംഭവങ്ങൾ വീക്ഷിക്കുന്നുണ്ടായിരുന്നു.

കലക്ടർ തന്റെ ഇംഗ്ലീഷ് ചുവയുള്ള മലയാളത്തിൽ കാര്യം വിശദമാക്കിയപ്പോൾ, ഒപ്പമുള്ള ഡി. ഒ. എഫ്. ഒ. ഒന്നുകൂടി വിശദമാക്കി.

''അതേയ് ചേട്ടാ, നിങ്ങൾക്ക് എന്താ ഇപ്പോൾ വേണ്ടത്, വീടുവെച്ചു തരണോ? അതോ മറ്റുവല്ലതും''.

ഇതുകേട്ട ഉടനെ മൂപ്പന്റെ അടുത്തു നിന്ന ഒരു നായ്ക്കൻ തലചൊറിഞ്ഞു കൊണ്ട് പറഞ്ഞു...

''ചാറേ ഞങ്ങൾക്ക് പചൂനെ മതി''

പശുവിനെയോ?, ഏതുതരം പശുവാ വേണ്ടത്? നാടൻ പശുവോ? നന്ദിനിയോ? അതോ....

മുഴവനാക്കേണ്ടി വന്നില്ല ഡി. എഫ്. ഓക്ക് അതിനു മുമ്പെ മറുപടി വന്നു.

സിന്ധു പചൂനെ മതി ചാറേ,

സിന്ധി പശു കാട്ടിലേക്കോടി പോകില്ലേ?

അപ്പോൾ വീടിന്റെ ഉള്ളിൽ നിന്ന് നേരിയ ശബ്ദം കേട്ടു ''ഞങ്ങള് തൊഴുത്തി കെട്ടിക്കോളാം ചാറേ''

നിങ്ങൾ പശുവിന് എന്ത് ഭക്ഷണമാണ് കൊടുക്കുക? അപ്പോ, കൂട്ടത്തിന്ന് ഒരാൾ പറഞ്ഞു ''ഞങ്ങള് പിണ്ണാക്ക് കൊടുത്തോളാം ചാർ.''



അപ്പോഴായിരുന്നു മൂപ്പന്റെ വായനങ്ങിയത്.

''ചാറേ ഇവൻമാര് പചൂന് തിന്നാനൊന്നും പിണ്ണാക്ക് കൊടുക്കൂല, അതെല്ലാം ഇവൻമാര് തന്നെ തിന്നും ചാറേ.''

* * * * *

കോഴിയെ വിക്കാൻ കാക്കെടെ അടുത്ത് മോളെ പറഞ്ഞയച്ച മൂപ്പൻ അവളെയും കാത്തിരിക്കയായിരുന്നു. മൂപ്പന് അവൾ വന്ന് കാശ് കിട്ടിട്ട് വേണം പുറത്തിറങ്ങാൻ...രണ്ട് വീശാൻ നേരമായി.

ഹാവൂ അതാ വരുന്നുണ്ട്.

എന്താ മോളെ കോയിനേ വിറ്റോ?

വിറ്റപ്പാ,

എത്ര കായ് കിട്ടി മോളെ?

രണ്ടര രൂപ കിട്ടിയപ്പ,

അയ്യോ! കാക്ക പറ്റിച്ചല്ലോ മോളെ?

''ഇല്ലപ്പാ പറ്റിച്ച കായ് വേറെയും തന്നിക്കിനി.''

അനുബന്ധം:- ആദിവാസി പെൺകുട്ടികൾ കല്ല്യാണത്തിന്ന് മുമ്പ് തന്നെ അമ്മമാരാകുന്ന കാഴ്ച ഊരുകളിൽ സാധാരണ സംഭവമായിട്ടുണ്ട്.

രവി. കെ. പി.

എം. കോം. ഫൈനൽ

# കവാടം



യാത്രയുടെ അവസാനത്തിൽ ഒരു കവാടത്തിനു മുന്നിൽ അവർ നിന്നു. നീണ്ടു നീണ്ടുപോകുന്ന രാജകീയ പാത, ഇരു വശത്തും നീലാകാശത്തേയ്ക്ക് കണ്ണയച്ച് എത്തിനിൽക്കുന്ന കാവൽമരങ്ങൾ. യാതൊരു സങ്കോചവും അവർക്കനുഭവപ്പെട്ടില്ല. കൃത്യമായ വഴി. ഒന്നുമാത്രമെനിക്കോർമ്മയുണ്ട് യാത്രയുടെ ആരംഭത്തിൽ ഞങ്ങളിങ്ങനെയായിരുന്നില്ലല്ലോ? അദ്ദേഹം തന്റെ കൈ മുറുകെ പിടിച്ചിരുന്നു. വാത്സല്യപൂർവം വയൽ വരമ്പിലൂടെ നടന്നപ്പോൾ ഞങ്ങൾ ഇണക്കിളികളായി പറന്നു. വിസ്തൃതമായ ഗഗനത്തിനു കീഴെ ഞങ്ങൾ പരസ്പരം തൊട്ടുരുമ്മുകയും, കലഹിക്കുകയും, സ്നേഹിക്കുകയും ചെയ്തു.

പക്ഷെ! ഇപ്പോൾ ഞങ്ങളാകെ മാറിയിരിക്കുന്നു. ഓരോ കവാടം കടന്നുപോകുന്തോറും ഞങ്ങളിലെ അകലം വർദ്ധിക്കുന്നതായി തോന്നി. ഇതുവരെ കേൾക്കാത്ത ശബ്ദങ്ങൾ. കൗതുകങ്ങൾ ഏറി വന്നപ്പോൾ അദ്ദേഹത്തിനെന്നിലുള്ള പിടി അയഞ്ഞയഞ്ഞുവന്നു. തുറന്നു പറഞ്ഞില്ലെങ്കിലും ഇതൊരു മാന്ത്രിക വലയമായി ഞങ്ങൾക്കനുഭവപ്പെട്ടു. ഇവിടെ ഒന്നും സംഭവിക്കുന്നില്ല.

ഞാനോർത്തു!..... മുമ്പ് അദ്ദേഹത്തിന്റെ ഓരോ വാക്കുകളും മഞ്ഞുതുള്ളികളായിരുന്നല്ലോ? മനസ്സിന്റെ അടിത്തട്ടിൽ നിന്നും മുങ്ങിയെടുത്ത പവിഴ മുത്തുകൾ. ഒരിക്കൽ ഞാൻ പറഞ്ഞു, നമുക്ക് ഉറ്റ സുഹൃത്തുക്കളാവാം, നോവുകൾക്ക് ഒരു സാന്ത്വനം, ഏകാന്തതക്ക് മനസ്സുകൊണ്ടൊരു കൂട്ട്.... മുഷിയുമ്പോൾ ഓർക്കാൻ ഒരുപാട്..........

എന്നാൽ ഇപ്പോൾ ഇങ്ങനെ! നെഞ്ചിലേക്കൊരു ജഡായു ചിറകറ്റു വീഴുന്നതുപോലെ എനിക്ക് തോന്നി.

പിന്നെയും വളരെ ദൂരം പിന്നിട്ടുകൊണ്ടേയിരുന്നു. അത്ഭുതം തോന്നുന്നു. ഒരെട്ടുകാലി ഞങ്ങൾക്കിടയിൽ വലനെയ്യാൻ തുടങ്ങിയി രിക്കുന്നു. ഇതെങ്ങനെ സംഭവിച്ചു. എടുത്ത് മാറ്റാവുന്ന- ഒന്നു ശ്വസിച്ചാൽ പോട്ടിപ്പോകാവുന്ന ഇഴകൾ. പക്ഷെ! ഞങ്ങൾ വിശ്വസിക്കുകപോലും ചെയ്തില്ല. അല്ലെങ്കിൽ ഞങ്ങൾ കരുതി മാത്രം ശ്വസിച്ചു.

ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കി- അവിടെ യാതൊരു ഭാവ പരിണാമവും സംഭവിക്കുന്നില്ലെ ന്നു കണ്ടപ്പോ ൾ ഉത് ക്കണ്ഠയായി. പിന്നെ

---

*അത്ഭുതം തോന്നുന്ന*

*ഒരെട്ടുകാലി ഞങ്ങൾക്കിടയിൽ*

*വലനെയ്യാൻ തുടങ്ങയിരിക്കുന്നു.*

*ഇതെങ്ങനെ സംഭവിച്ചു.*

*എടുത്തു മാറ്റാവുന്ന*

*ഒന്ന് ശ്വസിച്ചാൽ*

*പൊട്ടിപ്പോവുന്ന ഈഴകൾ*

---

ഞാനിങ്ങനെ സമാധാനിച്ചു. "അല്ലെങ്കിൽ ഈ നൂലിഴ എന്തിനു പൊട്ടണം" അങ്ങനെ ഒരു നൂലിഴ ഞങ്ങൾക്കിടയിൽ ഉണ്ടാവുന്നത് നല്ലതല്ലെ?

കുറെ കഴിഞ്ഞപ്പോൾ ആ നൂലിഴ കനത്തു. അദ്ദേഹമിപ്പോൾ എട്ടുകാലിയെ സഹായിക്കുകയാണ്. അതിന്റെ കുറെ ഇഴകൾ ചേർത്ത് പിരിച്ചു തുടങ്ങി. എനിക്ക് വാശിയും ദേഷ്യവും തോന്നി. അദ്ദേഹം നോക്കുമ്പോൾമാത്രം ഞാനും അവയെ പിണച്ചുകൊണ്ടേയിരുന്നു. പക്ഷെ മുമ്പെങ്ങുമില്ലാത്ത ഒരു സംത്രാസം എന്റെ ഉള്ളിൽ നാമ്പെടുത്തു. അദ്ദേഹം കാണാതെ പിരിച്ചുചേർത്ത ഇഴകൾ പൊട്ടിക്കാനുള്ള ഒരു വിഫല ശ്രമം നടത്തി. വലയുടെ മദ്ധ്യത്തിൽ എട്ടുകാലി ഉണ്ടക്കണ്ണുകൾ കാട്ടി നോക്കുക കൂടി ചെയ്തപ്പോൾ എന്റെ കൈകൾ ദുർബലമായി.

കനത്ത ശക്തമായ വടത്തിനിരുപുറവും നിന്ന് ഞങ്ങൾ പരസ്പരം നോക്കി. അദ്ദേഹത്തിനെന്നെ ആവശ്യമാണെന്ന് ആ കണ്ണുകൾ പറഞ്ഞു. എന്നിട്ടുമദ്ദേഹം കൈനീട്ടിയില്ല. ആ നോട്ടത്തിന്റെ അർത്ഥവും വ്യാപ്തിയും എനിയ്ക്ക് മനസ്സിലാകുന്നുണ്ടായിരുന്നു. എനിയ്ക്ക് അദ്ദേഹത്തെ പിരിയുന്നത് ഓർക്കാൻകൂടി ഭയമായിരുന്നു. അദ്ദേഹത്തിനുനേരെ നീളാൻ വെമ്പിയ കൈകൾ ഉയർന്നില്ല.

ഋതുക്കൾ മാറി വസന്തം ഹേമന്തത്തിന് മാറി..... സൗഹൃദത്തിന്റെ തിരിനാളം മങ്ങിത്തുടങ്ങി..... മനസ്സിന്റെ നീരുറവകൾ വറ്റിത്തുടങ്ങിയിരിക്കുന്നു.

ഞാൻ സ്വയം ഓർത്തു-ആത്മ പരിശോധന നടത്തി-സത്യത്തിൽ എനിക്കദ്ദേഹത്തിൽ കൂടുതൽ ആത്മാർത്ഥത ഉണ്ടായിരുന്നോ?.... അപ്പോൾ അദ്ദേഹം വിദൂരതയിലേക്ക് കണ്ണോടിക്കുകയായിരുന്നു.

രണ്ടുപേരും ദുഃഖം സഹിച്ചു-കടിച്ചുപിടിച്ചു. സ്വയം നിയന്ത്രിച്ചു. ഈ വടത്തെ പൊട്ടിക്കാൻ ഞങ്ങൾക്കാവുമെന്നറിയാമായിരുന്നു. ഞാനോ, നീയോ എന്നതുമാത്രമായിരുന്നു പ്രശ്നം.

ഇവിടെ എന്തെങ്കിലുമൊന്ന് സംഭവിക്കാതെ ഞങ്ങൾക്ക് മുന്നോട്ടുപോവാൻ അസാധ്യമായിരുന്നു. നിശബ്ദത തളംകെട്ടി നിൽക്കുന്നു- ശവപ്പറമ്പുപോലെ- പെട്ടെന്നായിരുന്നു കുളിരുകോരിയിട്ടുകൊണ്ട് കാറ്റ് ചൂളം വിളിച്ചു-ഞാനറിയാതെ ഒന്നിളകിയപ്പോൾ എന്റെ പാദസരത്തിന്റെ നേർത്ത ചിരി അദ്ദേഹം കേട്ടിട്ടുണ്ടാവണം ഒരു നോട്ടം നോക്കി. വീണ്ടും അദ്ദേഹത്തിന്റെ കണ്ണുകൾ വൃഥാ ഉഴറി നടന്നു. ഞങ്ങൾ പരസ്പരം ചോദ്യചിഹ്നമായി അനുഭവപ്പെട്ടപ്പോൾ സർവ്വ ശക്തിയുമുപയോഗിച്ച് പിന്തിരിഞ്ഞു നടന്നു.

പക്ഷെ അവിടെ കടന്നു വന്ന കവാടം- അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു.

ശ്രീനിവാസൻ. എ.
പ്രീഡിഗ്രി രണ്ടാം വർഷം

# മിഥ്യ

ആയാസപ്പെട്ട് കയറി അവസാനം കുന്നിനു മുകളിലെത്തിയപ്പോൾ അയാൾ ആ മാവിന് ചുവട്ടിലിരുന്നു. കയ്യിലിരുന്ന ഓടക്കുഴൽ നീട്ടിവിളിക്കാൻ തോന്നിയില്ല. അകലെ കടലിലിറങ്ങാറായ സൂര്യനു മുകളിലൂടെ എന്തൊക്കെയോ പറന്നു നടക്കുന്നു. പകഷികളാവാം, പട്ടങ്ങളാവാം, പിന്നെ.......

ഒരു തൈത്തെന്നൽ ആശ്വാസ വാക്കുകളുമായി കടന്നുപോയതയാൾ അറിഞ്ഞു. പറയണമെന്നുണ്ടായിരുന്നു- എനിയ്ക്കൊ ഒന്നുമില്ല-പ്രത്യേകിച്ചൊന്നും. എല്ലാം തികച്ചും ആകസ്മികമായിരുന്നു. എന്നിൽ ഞാൻ പോലുമറിഇയാതെ എന്തൊക്കെയോ സംഭവിക്കുകയായിരുന്നു. നല്ലതിനുവേണ്ടി എന്തെല്ലമോ.......

അയാളുടെ ദൃഷ്ടികൾ അസ്തമിക്കാറായ സൂര്യനിൽ പതിഞ്ഞു. ചെമപ്പ്..... എത്ര മനോഹരമാണതിൻെറ ചെമപ്പു നിറം! സൂര്യന് ഈ നിറം പ്രഭാതത്തിലും ഉണ്ടായിരുന്നല്ലോ!! അയാൾ അത്ഭുതത്തോടെ ഓർത്തു. അതെ, ഈ ചെമപ്പു നിറം പ്രഭാതത്തിലുമുണ്ടായിരുന്നു.



പ്രഭാതം. പതിമൂന്നു വർഷം മുമ്പ് താൻ ആ കരച്ചിൽ കേട്ടത് ഒരു പ്രഭാതത്തിലായിരുന്നു. ഗ്രാമങ്ങളും, നഗരങ്ങളും, പുഴകളും താണ്ടി ആ തെരുവിലെത്തിയത് ആ ചോരക്കുഞ്ഞിൻെറ കരച്ചിൽ കേൾക്കാൻ വേണ്ടിയായിരുന്നു. അതെ, അവളുടെ ആ കരച്ചിൽ കേൾക്കാൻ. പിന്നെ അവളുടെ നിഷ്ക്കളങ്കമായ ചിരി കാണാനും.

പിന്നെ എന്തെല്ലാമാണ് സംഭവിച്ചത്? ഒരിക്കലും പിറകോട്ട് നോക്കിയിട്ടില്ലാത്ത ഞാൻ ആദ്യമായി പിറകോട്ടു നോക്കുകയാണല്ലോ! അത്ഭുതത്തോടെ അയാൾ വീണ്ടും ഓർത്തു-ആദ്യമായി.....

അവളെ ഞാൻ മീനു എന്നു വിളിച്ചു. അവളെ കിട്ടിയതിനുശേഷമായിരുന്നല്ലോ ഈ ഓടക്കുഴൽ തൻെറ കയ്യിലെത്തിയത്, ഇതിലൂടെ താൻ തൻെറ ജീവിത മാർഗം കണ്ടെത്തിയത്. ആദ്യം താനിതു വായിക്കുമ്പോഴെല്ലാം അവൾ കുഞ്ഞരുപ്പല്ലുകാട്ടി ചിരിക്കുമായിരുന്നു. ആ ചിരി തൻെറ ആത്മാവാകുകയായിരുന്നു, താൻപോലുമറിയാതെ.......

പിന്നീട് പലരും പറഞ്ഞുകേട്ടിട്ടുണ്ട്-തന്നെ നോക്കി.

പണ്ട് താനൊരു ചട്ടമ്പിയായിരുന്നത്രെ.

ചിരിച്ചിട്ടേയുള്ളു. പൊട്ടിച്ചിരിച്ചിട്ടേയുള്ളു. കാരണം, വിരൂപനെങ്കിലും താൻ ദുർബലനായിരുന്നല്ലോ-എന്നും. അതുകൊണ്ടാണല്ലോ.......

കുറച്ചുകാലം കഴിഞ്ഞപ്പോൾ അവൾ തന്നെ നോക്കി കൊഞ്ചിക്കൊഞ്ചി വിളിക്കാൻ തുടങ്ങി-അച്ഛൻ.

ആരാണവൾക്ക് ആ പേര് നിർദേശിച്ച തെന്നാലോചിച്ച് ആശ്ചര്യപ്പെട്ടിട്ടുണ്ട്- പലപ്പോഴും.

അന്നെല്ലാം തനിക്ക് മഴ എന്തിഷ്ടമായിരുന്നു! തണുപ്പിൻെറ അനുഭൂതിയുമായി ഊർന്നിറങ്ങുന്ന മഴ.....അതിൻെറ സംഗീതത്തിൽ ലയിച്ച് താൻ തൻെറ ഓടക്കുഴൽ വായിച്ചിരുന്നു. അതിൽ ലയിച്ച് അവൾ കൊഞ്ചിക്കൊഞ്ചി നൃത്തംവെച്ചിരുന്നു; പ്രകൃതിയും.

വേനൽക്കാലമാകുമ്പോൾ, ചൂടനുഭവപ്പെട്ടു തുടങ്ങുമ്പോൾ മഴയുടെ തണുപ്പിൻെറ സുഖം തേട്ടിത്തേട്ടി വരുന്നു. ചുട്ടുപൊള്ളുന്ന വെയിലേൽക്കുമ്പോൾ, എല്ലാം വറ്റി വരളുമ്പോൾ മനസ് പിറുപിറുക്കും- ഇനിയൊരു മഴയ്ക്ക് എത്ര കാത്തിരിക്കണം.

കാലങ്ങൾ കടന്നുപോവുമ്പോൾ അവൾ വളരുകയായിരുന്നു. അതുമാത്രം താനിഷ്ടപ്പെട്ടില്ല. അവൾ എന്നും ഒരു കൊച്ചു കുഞ്ഞാവാൻ പ്രാർത്ഥിച്ചു, അവളുടെ പിരിയുടെ നിഷ്കളങ്കത നഷ്ടപ്പെടാതിരിക്കാൻ പ്രാർത്ഥിച്ചു, പിന്നെ അവൾ എന്നും തൻേറതു മാത്രമായിരിക്കും. നിനച്ചിരിക്കാതെ ഒരു സമയത്ത് അവൾ വരുമെന്ന് തനിക്കറിയാമായിരുന്നു.

വാസ്തവത്തിൽ അവൾ ആരായിരുന്നു? ആലോചിച്ചുപോയിട്ടുണ്ട്. ഭ്രാന്തമായ ഒരു ചിന്തയായിരുന്നുവോ? താനാരാണെന്നുപോലുമറിയാത്ത തൻെറ 'ബാല മനസിൻെറ' ഭ്രാന്തമായ ഒരു......

അവൾ ആരായിരുന്നാലും അവളെ തനിക്കു നഷ്ടപ്പെടുമെന്ന് താൻ ഭയപ്പെട്ടിരുന്നു.അവളെത്തേടി അവർ വരുമെന്ന്.



മഴക്കാലവും മഞ്ഞുകാലവും കഴിഞ്ഞ വേനൽക്കാലത്ത് അവരെത്തി. വിനു അവരുടെ മകള ണെന്ന് പറഞ്ഞ് അവർ വന്നു. അവർ പണക്കാരായിരുന്നു

അവൾ ഒരു പക്ഷെ അവരു മകളല്ലായിരിന്നിരിക്കാം. പക്ഷെ ആണെന്നു തെളിയിക്കാ അവർക്കാവുമല്ലോ. അവളെ വ്യഭിചരിച്ചതിന് തെളി എന്നു പറഞ്ഞ് ഉപേക്ഷിച്ചതായിരുന്നിരിക്കാം. പക്ഷെ അല്ലെന്ന് അവർക്ക് പറയാമല്ലോ. പക്ഷെ അവ തൻേറതാണെന്ന് പറഞ്ഞാലും തെളിയിക്കാൻ തനിക്ക വില്ലല്ലോ. ദുർബലനായിരുന്നല്ലോ താൻ എന്നും.

അവസാനം അവളും ചോദിച്ചു:- 'ഞാ നിങ്ങളുടെ ആരുമല്ല അല്ലേ? നിങ്ങൾ എന്നെ.......'

വയ്യായിരുന്നു, അത്രത്തോളം താങ്ങ വയ്യായിരുന്നു.

അവസാനം അവൾ വിട പറഞ്ഞു. അവ സങ്കൽപ്പത്തിൽനിന്നും യാഥാർത്ഥ്യത്തിലേക യാത്രയാവുന്നതിനെക്കുറിച്ചോർത്തപ്പോൾ സന്തോഷിച്ച അവസാനം അവൾ ചിരിച്ചു; താനും. നഷ്ടപ്പെട്ട നെക്കുറിച്ചോർത്തപ്പോൾ പിന്നേയും ചിരിച്ചു. പിന്നെ......

ഇപ്പോൾ ഇവിടെയാണ്.

ചൂട്......

ഈ വേനൽക്കാലത്ത് അസ്തമ കിരണങ്ങൾക്കുപോലും എന്തൊരു ചൂടാണ്!!

സൂര്യനിൽ നിന്ന് ദൃഷ്ടി പിൻവലിച്ച് അയാ അത് വീണ്ടും അവിടെ അന്നേ കേന്ദ്രീകരിച്ചു. സൂര്യ താഴുകയാണ്.

രണ്ടു പക്ഷികൾ കതിരും കൊത്ത പറക്കുന്നതയാൾ കണ്ടു. അവ പറന്നകലുകയാണ്. സൂര്യ വീണ്ടും താഴേക്ക്......

ആ പക്ഷികളേയും നോക്കി കർഷക അവിടെയുണ്ടായിരിക്കും. അവയെ നോക്കി അയാ പൊട്ടിച്ചിരിക്കുന്നുണ്ടാവും.

അയാൾക്ക് തൻെറ പുല്ലാങ്കുഴൽ നീട്ടിവി ക്കണമെന്നു തോന്നി. അയാളത് ചുണ്ടോടുചേർ നീട്ടിവിളിച്ചു.

പക്ഷെ അതിൻെറ സ്വതവെയുള്ള സ്വരങ്ങ അതിൽ നിന്നും നിർഗളിച്ചില്ല.

എന്താണ് സംഭവിച്ചതെന്നു മനസ്സിലാവാ അയാളത് തിരിച്ചും മറിച്ചും നോക്കി. അ കേടുപാടുകൾ സംഭവിച്ചതായി കണ്ടെത്ത അയാൾക്കായില്ല. അതൊന്ന് തട്ടിക്കുടഞ്ഞ് ഒരിക്കൽ അയാളത് നീട്ടിവിളിച്ചു.

ഇല്ല......, ഒന്നുമില്ല.


അതിൻെറ സ്വരങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു.

നാദങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു.

അകലെ പക്ഷികൾ കതിരും കൊ പറന്നകലുകയാണ്. സൂര്യൻ വീണ്ടും താഴേ താഴേക്ക്......

ബി. എ. മലയാളം, രണ്ടാം വർഷം.

# ഞാൻ



എന്റെ പിന്നിലെ രൂപം വലുതായി വലുതായി വരുന്നുവോ ? പിന്നിലെ സ്ട്രീറ്റ് ലൈറ്റിന്റെ അരണ്ട വെളിച്ചത്തിൽ നീണ്ട നിഴൽ കറുത്ത ടാറിട്ട റോഡിൽ എനിക്ക്വ്യക്തമായി കാണാമായിരുന്നു ഭയം എവിടെ നിന്നെല്ലാമോ ഇരിച്ചിറങ്ങി, ഒരു മനുഷ്യജീവിയുമില്ല അടുത്തെങ്ങും, ധൈര്യമെന്ന വസ്തുത എന്നെ കൈ വിട്ടുപോയിട്ട് മണിക്കൂറുകളായിട്ടുണ്ടെന്ന സത്യ വീണ്ടുമെന്നെ ഭയപ്പെടുത്തി.

അവസാനം, അറ്റകൈ പ്രയോഗിക്കാ മെന്ന തീരുമാനിച്ചു. സർവ്വശക്തിയുമെടുത്ത് ഉറക്കെ അലറി...! ശേഷം, എവിടെ നിന്നോ ഓടിവന്ന ധൈര്യത്തിന്റെ കണികകൾ കയറി നിന്നു കൊണ്ട് സർവ്വശക്തിയിൽ ഒന്നുതിരിഞ്ഞു നോക്കി, പക്ഷേ ആരേയും കാണുവാ നായില്ല വീണ്ടുമൊന്നുകൂടെ ആവർത്തിച്ചു. പക്ഷേ, ഫല നിരാശയായിരുന്നു.

പക്ഷേ, ഞാനെന്ന യാഥാർത്ഥ്യം അപ്പോഴു കറുത്ത ടാറിട്ട റോഡിൽ ഒരുനിഴലായി എനിക്ക് മുൻപിൽ നിൽക്കുന്നുണ്ടായിരുന്നു.

ബി. എസ്.സി. ബോട്ടണി രണ്ടാം വർഷം.

# നൂറിട്ടാൽ

അതേയ് അവൻ തന്നെ, നൂറ് മില്ലി വാട്ടീസ്. എവന് പല കഴിവുകളുണ്ട്. രണ്ടുനാലു കൊണ്ടൊരുത്തനെ തണ്ടി ലേറ്റാനും, മാളിക മുകളേറുന്ന മന്നനെ പടി ചവിട്ടാതെ താഴെയെത്തിക്കാനും, ചിരിച്ചു കൊണ്ടിരിക്കുന്നൊരുവൻെറ കൈമുദ്ര മുഖാലങ്കാരമാക്കി തരാനും ഇദ്ദേഹത്തിന് കഴിവുണ്ട്.

നൂറടിച്ച് (നൂറിൻെറ ഗുണിതങ്ങളുമാവാം) ഒറ്റക്കാലിൽ മുതൽ നാലുകാലിൽ വരെ നടക്കുന്ന (നാടൻ നിഘണ്ടുവിൽ ഫുൾ ടാങ്ക്) മഹാത്മാരെ വളരെ അടുത്തു പരിചയമുണ്ടാവും. എങ്കിലും ഒന്നുരണ്ടു പേരെക്കൂടി നമുക്കു പരിചയപ്പെടാം.

ആദ്യം ലേഖകൻെറ നാട്ടുകാരനും, അയൽവാസിയുമായ കുഞ്ഞിരാമൻ നായരെത്തന്നെയാവാം. കുഞ്ഞിരാമൻ നായരുടെ ഒരു പ്രത്യേക ഗുണവിശേഷം, തൻെറ മസാലക്കടയിലെ ലാഭത്തിൻെറ കൃത്യം നേർപകുതി ഓരോ ദിവസവും വാട്ടീസിൻെറ രൂപത്തിൽ വിഴുങ്ങും. ആന്തരാവയവങ്ങളിൽ വിവരമെത്താൻ മിനിമം അഞ്ഞൂറ്. കോട്ട ഒരു ലിറ്റർ ഇരുനൂറ് മില്ലി. പതിനാറാം വയസ്സിൽ തുടങ്ങിയതാണ്, ഇപ്പോൾ വയസ് അറുപത്തൊന്ന്. ഫറോക്കിലെ ചാരായ ഷാപ്പുമുതൽ വീടുവരെ ഓട്ടോറിക്ഷാ ചാർജ്ജ് ഇരുപത്തൊന്ന് രൂപ, നാൽപ്പതു പൈസ. കൊണ്ടുവിടുന്ന ഓട്ടോക്കാരൻ ഭാഗ്യവാൻ. നൂറ്റൊന്നു രൂപയും ഒരു വെറ്റിലയും അയാൾക്ക് ദക്ഷിണ.

അടുത്ത കക്ഷി ഒരു ഡോക്ടറാണ്. വെറും ഡോക്ടറല്ല, മൃഗഡോക്ടർ. ജന്മദേശം കോട്ടയം-പക്ഷെ അവിടവുമായി ഇതിയാന്നോ കണക്ഷൻ ഇരുനൂറ്റമ്പത് ഡിപ്പോ ചാരായമോ, ഒരു ഹാഫ് ബോട്ടിൽ വിസ്കിയോ ഇതിയാനെ കുലുക്കില്ല. പക്ഷെ-കാർത്തി ചേച്ചിയുടെ കൈപ്പുണ്യം തുളുമ്പുന്ന നൂറ്റമ്പത്-നാടൻ പട്ട-എന്തൊരു സുഖം- ഇതടിച്ചു കഴിഞ്ഞാൽ. ഹിന്ദുസ്ഥാനി സപ്തസ്വരങ്ങൾ അനർഗള നിർഗളമായി പുറത്തേക്കൊഴുകും. നല്ല അസൽ ശാസ്ത്രീയ സംഗീതം. ഈ സംഗീത പാടവത്തിൽ അകാല ചരമം പുൽകിയത് രണ്ടു പശുക്കളും ഏഴ് നാടൻ കോഴികളും.

വേറെ ഒരുത്തനുണ്ട്. ഒരു മിലിട്ടറി സ്റ്റാഫ്. എൻ.സി.സി.ക്കാരെ ശിക്ഷണം നൽകാൻ നിയോഗിക്കപ്പെട്ട ഉത്തർപ്രദേശുകാരൻ ജഗ്‌വീർ. മൂന്നു തവണ കേഡറ്റ്. ആൾ ബലം കുറഞ്ഞതിൻെറ പേരിൽ ഇദ്ദേഹം പരേഡുകൾ ക്യാൻസൽ ചെയ്ത് യൂണിറ്റിനെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചു. നാലാം തവണ ഇങ്ങേര് ബസിറങ്ങുന്നതും കാത്ത് ഒരു വിദ്വാനിരുന്നു. (ഒരു കേഡറ്റ്) ഇങ്ങേര് ബസിറങ്ങേണ്ട താമസം മുറിയൻ ഹിന്ദിയും 'തെറിയൻ' മലയാളവും കൂട്ടി വിളമ്പി ഹിന്ദിക്കാരനെ അടുത്ത കൂൾബാറിലെത്തിച്ച്, നൂറ് മില്ലിയും പ്ളാസ്റ്റിക് കവർ പൊട്ടിച്ച് വായിലൊഴിച്ചുകൊടുത്തു. അത്ഭുതം-മഹാത്ഭുതം. അന്ന് ഗ്രൗണ്ടിൽ നിരന്നത് പതിനെട്ട് പിള്ളർ, ജഗ്‌വീർജി എഴുതിയത് എൺപത്തിഒന്ന്.

നിത്യവും ഭാര്യയോട് വഴക്കടിച്ച്, വരുന്ന വഴി ചാരായ ഷാപ്പിൽ ചെന്ന് ടെൻഷൻ മാറ്റി ഡ്യൂട്ടിക്ക് ട്രാഫിക് ഐലൻറിൽ കയറുന്ന് ഒരു ട്രാഫിക് പോലീസുകാരനുണ്ട്. ഇയാൾക്ക് ഈയിടെ വിശിഷ്ട സേവനത്തിന് അവാർഡ് കിട്ടി. കാരണമെന്തെന്നോ? 'ഡോസിൽ' ട്രാഫിക് ഐലൻറിൽ കേറിക്കഴിഞ്ഞാൽ സ്റ്റേജാണെന്ന ഓർമ്മയിൽ പണ്ടെന്നോ പഠിച്ച ഭരതനാട്യം കളിക്കും. ഒരു സെക്കൻറ് പോലും റോഡിൽ ഗതാഗത കുരുക്കുണ്ടാവില്ല. ●



ബി. എ. മലയാളം, ഒന്നാം വർഷ

# പ്രതീകം




നാരായണേട്ടൻ മുറ്റത്തേക്കിറങ്ങി എൻെറ നേരെനോക്കി പറഞ്ഞു നിന്നോട് പ്രത്യേകം പറയേണ്ടതില്ലല്ലോ. സത്യത്തിൽ അതിൻെറ ആവശ്യം ഇല്ല്യായിരുന്നു കാരണം ചെറുപ്പം മുതലേ ഞങ്ങൾ ഒന്നിച്ചാണ് കളിച്ചു വളർന്നത് എൻെറ ഒരു കൂടെ പിറപ്പായിട്ടാണ് ഞാൻ അവനെ കണ്ടിരുന്നത്.

നഗരത്തിലെ ഒരു കമ്പനിയുടെ മാനേജരായ വേണുവിന് ഉഷയെ വളരെ ഇഷ്ടപെട്ടു. സുന്ദരിയും ഗുണവതിയുമായ അവളിൽ ആകെ ഒരു ഗ്രാമീണത നിറഞ്ഞു നിന്നിരുന്നു മനോഹരമായ അവളുടെ മുടിയിൽ മുല്ലപ്പൂ ഇല്ലാത്ത ഒരുദിവസം പോലും അവളെ സംബന്ധിച്ചിടത്തോളം ഇല്ലായിരുന്നു.

ഈ വിവാഹ ആലോചനയോട് അവൾക്ക് വലിയ ഇഷ്ടമില്ല എന്ന് അവളുടെ സംസാരത്തിൽ നിന്ന് എനിക്ക് മനസ്സിലായി എങ്കിലും നാരായണേട്ടൻെറയും, ജാനുവേടത്തിയുടേയും നിർബന്ധപ്രകാരം ഒന്നു തലയാട്ടിക്കൊണ്ട് സമ്മതിച്ചു.

കല്ല്യാണം തീർച്ചപ്പെടുത്തലും എല്ലാവരോടും പറയലും ഒക്കെ പെട്ടെന്നായിരുന്നു. മണ്ണിട്ട ആ റോഡിലൂടെ മാരുതിക്കാർ പൊടിപാറ്റിക്കൊണ്ട് കടന്നുവരികയും അവളേയും കൂട്ടി കടന്നു പോവുകയും ചെയ്തു.

കാറിൽ കാലെടുത്തുവെക്കുന്നതിനു മുമ്പ് അവൾ ഞങ്ങളെയൊക്കെ നോക്കുകയും, പൊടുന്നനെ അവളുടെ രണ്ട് കണ്ണുകളിൽ നിന്നും രണ്ട് കണ്ണുകളിൽ നിന്നും രണ്ട് ഉരുണ്ട കണ്ണുനീർത്തുള്ളികൾ കവിളുകളിലൂടെ വേഗതയിൽ ആ പൊടിമണ്ണിൽ വീണു. സുന്ദരമായ ആ ഗ്രാമത്തെയും നാട്ടുകാരെയും വിട്ടുപോകുന്നതിനുള്ള അവളുടെ ദുഃഖമാണ് ആ കണ്ണുനീർത്തുള്ളികൾ എന്ന് ഞാൻ എൻെറ മനസ്സിൽ കരുതിവെച്ചു. എല്ലാവരും പോയിക്കഴിഞ്ഞിട്ടും ഞാൻ അവിടെത്തന്നെ എന്തോ ചിന്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ നവദമ്പതികൾക്ക് മംഗളം ആശംസിച്ചുകൊണ്ട് ഞാനും എണീറ്റു പോയി.

പിന്നീട് നാലാമത്തെദിവസം ഉഷയുടെ കത്ത് വന്നു. അവളുടെ സൗഖ്യത്തെപ്പറ്റിയും, ജീവിതത്തെപ്പറ്റിയും, വീട്ടുകാരെപ്പറ്റിയും ഒക്കെ അതിൽ ഉണ്ടായിരുന്നു. തൻെറ ഗ്രാമത്തെ പിരിഞ്ഞ വിഷമത്തെപ്പറ്റി അവൾ എഴുത്തിൻെറ ഒടുവിൽപറഞ്ഞിരുന്നു.

എത്രതന്നെയായാലും നമ്മുടെ ഗ്രാമത്തിൽ തന്നെയാണ് സുഖം അവിടെ ചുറ്റുമതിലുകൾക്കുള്ളിലാണ് ജീവിതം.

ആദ്യമാദ്യം അവളുടെ എഴുത്തുകളിൽ വലിയ ദുഃഖം നിഴലിച്ചിരുന്നില്ല. ഒരോ എഴുത്ത്വരുമ്പോഴും അവൾക്ക് വന്ന മാറ്റത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയിരുന്നു കാരണം ദിവസം കഴിയുന്തോറും അവളുടെ ജീവിതം അവിടെ ദുരിതപൂർണ്ണമായി മാറുകയായിരുന്നു. ഭർത്താവിന് മദ്യം കഴിക്കാൻ തണുത്ത സോഡ എടുത്തുകൊടുക്കാത്തതിന്, അങ്ങനെ പല പേര് പറഞ്ഞ് അയാൾഅവളെ തല്ലുകയും ആടിക്കുകയും ചെയ്തിരുന്നു.

ഓരോ ദിവസം കഴിയുന്തോറും ആവീട്ടിൽ ഒഴുകുന്ന മദ്യകുപ്പികളുടേയും അത് കഴിക്കാൻ വരുന്ന സുഹൃത്തുക്കളുടേയും എണ്ണം വർദ്ധിച്ചുവന്നു. ദുഃഖങ്ങൾ വർദ്ധിക്കുന്ന അവസരത്തിൽ അവൾ തൻെറ ചുറ്റുമുള്ള ചുമരുകൾക്കിടയിൽ ഇരുന്നു കൊണ്ട് തൻെറ കല്യാണത്തിനുമുമ്പുള്ള ജീവിതത്തിലേക്ക് ഒരുതിരിഞ്ഞു നോട്ടം നടത്തി അവിടെ പുഴക്കരയും, കാവിലെ ഉൽസവവും, അങ്ങിനെ പലതും കുന്നുപരന്നു, ഇതിലൂടെ അവൾ അൽപം ആശ്വാസം കണ്ടെത്തുന്നു.

ചിന്തയിൽ നിന്നെണീറ്റ് ബോധം വീണ്ടെടുത്ത് അവൾ ഒരുനെടുവീർപ്പോടെ തൻെറ മദ്യപിച്ച ഭർത്താവ് കിടക്കുന്ന, താൻ കിടക്കുന്ന, എയർകണ്ടീഷനുള്ള ബെഡ്റൂമിലേക്ക് പോയി.

ജിജീഷ്. ടി. പി. 

ബി. എ. മലയാളം, രണ്ടാം വർഷം.

# പുരാവൃത്തം



അവസാനത്തെ ബസ് പാതവക്കിലെ ആലിൻ ചുവട്ടിൽ വന്നു നിന്നതും ഒന്നുരണ്ട് യാത്രക്കാർ തിരക്കിട്ട് ഇറങ്ങുന്നതും, അച്ഛമ്മ കോലായിൽ നിന്ന് നോക്കികണ്ടു. നാട്ടുവെളിച്ചം മങ്ങി മറയുന്നതേ ഉണ്ടായിരുന്നുള്ളൂ. ബസ് ഒരു മുരടൻ ശബ്ദം പുറപ്പെടുവിച്ച് ഇളകി മുന്നോട്ട് നീങ്ങാൻ തുടങ്ങിയപ്പോൾ അച്ഛമ്മ ആരോടെന്നില്ലാതെ പറഞ്ഞു.


"വിജയൻ ഈ ബസ്സിലും വന്നില്ലല്ലോ, അവൻ ഇനി വരില്ലായിരിക്കും എന്തോ......" അടുക്കളയിൽ ജോലിത്തിരക്കിലായിരുന്നെങ്കിലും സുമതിയേടത്തി ഇതുകേട്ടു.

"അവനിനി വരൂന്ന് തോന്നണില്ല, മദ്രാസിന് ഇവിടെയെത്താൻ അത്ര വെഷമോന്നൂല്യാ. വേണങ്കിപ്പോ, ഒരു കാറെടുത്തെങ്കിലും വരാനുള്ള പണം അവനുണ്ട്. കുറച്ചു പണം അയച്ചുതന്നാ എല്ലാ ഭാരവും തീർന്നൂന്നാ അവൻെറാക്കെ വിചാരം." പെൺകുട്ടികളെ കല്യാണം കഴിക്കുന്നതുവരെ വളർത്താനാ പാട്, എന്നിട്ടു തന്നെ നമ്മളെന്തൊക്കെ കേട്ടു.

കല്യാണപ്പന്തലിൻെറ അവസാന മിനുക്കു പണിയിൽ ഏർപ്പെട്ടിരിക്കുന്ന അയലവാസികളായ ചെറുപ്പക്കാർ എന്തോ തമാശ പറഞ്ഞ് ചിരിച്ചപ്പോൾ അച്ഛമ്മ തിരക്കി.

"അല്ലാ ചെറുപ്പക്കാരേ കുടിച്ചത് തലയ്ക്കു പിടിച്ചുതുടങ്ങിയിട്ടുണ്ടല്ലോ" അച്ഛമ്മയുടെ ചോദ്യം കേട്ട് അവർ വീണ്ടും ചിരിച്ചു. മേശമേൽ കയറിനിന്ന് തുണിപ്പന്തലിൻെറ മുകൾത്തട്ടിലെ വെള്ള വരയിൽ പൂക്കൾ തുന്നിപ്പിടിപ്പിച്ചുകൊണ്ടിരുന്ന ബാബു അച്ഛമ്മയെ നോക്കി.

'അച്ഛമ്മ ഞങ്ങളൊരു ഇരുപത് പേർക്ക് ഒരു കുപ്പി 'മാഗ്ഡെവൽ' അല്ലെ തന്നത് ഒന്നു രുചിച്ചു നോക്കാൻ പോലും തികഞ്ഞില്ല.'



അവൻ പറഞ്ഞത് അച്ഛമ്മയ്ക്ക് ഒന്നും മനസ്സിലായില്ല. ഒന്നു മിണ്ടാതിരിക്കാൻ ചെറുപ്പക്കാരേന്ന് പറഞ്ഞുകൊണ്ട് അച്ഛമ്മ പൂമുഖത്ത് വട്ടമിട്ടിരുന്നു നാട്ടുവർത്തമാനം പറയുന്ന സ്ത്രീകളുടെ അടുത്തേക്കു പോയി. ഇനി പാലക്കാട്ടുകാരും മദ്രാസിൽ നിന്നും വിജയനും മാത്രമേ എത്താനുള്ളൂ.

വിജയൻെറ സ്വഭാവം എനിക്ക് തീരെ ഇഷ്ടമല്ല. അവൻ പറയുണത് മാത്രമാണ് ശരി എന്ന തോന്നലാണ് അല്ലെങ്കിൽ തന്നെ കഴിഞ്ഞ തവണ വിഷുവിന് വന്നപ്പോൾ ഞാൻ ലക്ഷ്മിയുടെ കാര്യം പറഞ്ഞ് ഇത്ര പെരുത്ത് ശണ്ഠകൂടേണ്ട കാര്യണ്ടോ? അവളുടെ ജീവിതം തിരഞ്ഞെടുക്കാൻ അവൾക്ക് സ്വാതന്ത്ര്യം ഇല്ലെന്നാ അവൾ ചോദിച്ചേ.

ഇത്രയുമായപ്പോഴേക്കും അമ്മ അകത്തു നിന്നു വന്നു. അച്ഛമ്മയെ ഒന്നു നോക്കി. അമ്മയെന്തിനാണ് ഇങ്ങനെ പഴകഥകൾ പറയുന്നത് അച്ഛമ്മക്ക് അമ്മയുടെ ഇടപെടൽ തീരെ ഇഷ്ടമായില്ല അതിനിടയിൽ അച്ഛമ്മ പറഞ്ഞു. എല്ലാം മാധവജ്യോത്സർ പറഞ്ഞപ്പോലെ ത്തന്നെ വന്നു. ഇരുപത്തെട്ടാം വയസ്സില് ലക്ഷ്മിക്ക് മംഗല്യഭാഗ്യമുണ്ട്. അന്ന് നടന്നില്ലെങ്കിൽ പിന്നെ ഈ വിവാഹം ഉണ്ടാവില്ലെന്നാണ് അയാള് പറഞ്ഞത്. അതുകൊണ്ടാണ് അവൾക്ക് തീരെ സമ്മതമില്ലാത്ത ഈ കല്ല്യാണം ഞങ്ങളുറപ്പിച്ചത്.

അമ്മയുടെ മുഖത്ത് വിജയാഹ്ളാദം നിഴലിച്ചിരുന്നു.

'കല്ല്യാണം പെൺകുട്ട്യോളുടെ ഇഷ്ട്ടത്തിന് വിടാൻ പറ്റ്വോ, ഒന്നുമില്ലെങ്കിലും നമ്മള് പെറ്റു വളർത്തിയതല്ലെ'.



അപ്പോഴാണ് അച്ഛൻ കയറിവന്നത്. അച്ഛനെ കണ്ടപ്പോൾ എല്ലാവരും എണീറ്റു. അച്ഛൻ പറഞ്ഞു എല്ലാവരും ഇരുന്നോളൂ ഊണു കഴിഞ്ഞ് നേരെത്തെ ഉറങ്ങാൻ നോക്കിക്കോളൂ, രാവിലെ കൃത്യം 7 മണിക്ക് തന്നെ പുറപ്പെടണം. മുഹൂ ർത്തം 10.30 നാണ് അമ്പലത്തിലെ എല്ലാ പരിപാടിയും കഴിഞ്ഞ് പുറപ്പെട്ടാൽ രണ്ടു മണിയാകുമ്പോൾ ഇവിടെ യെത്തും വെള്ളം കൊടുത്തുകഴിഞ്ഞാൽ ഇലയുമിടാം നാലുമണിയാകു മ്പോൾ എല്ലാം തീർക്കാം

അച്ഛൻ പോയപ്പോൾ എല്ലാവരും വീണ്ടും വിവിധസ്ഥലങ്ങളിലായി ഇരുന്നു ചെറിയമ്മ അമ്മയെ നോക്കി.

തങ്കേടത്തി ലക്ഷ്മിയെവിടെ? അവൾ എവിടെ പോയിരിക്ക്യാ?

അമ്മ ലക്ഷ്മിയെ വിളിച്ചു. എപ്പോഴുമൊരു ആലോചന തന്നെ ഒരു കല്ലാണത്തിനോ ഉത്സവത്തിനോ ഒന്നും അവള് പോവില്ല കല്ലാണത്തിന് പോവുന്നകാര്യം പറയുമ്പോൾ എനിക്ക് ആരേയും ചങ്ങലയ്ക്കിടുന്നത് കാണണ്ട ! എന്നാണ് അവള് പറയുക.

പതുക്കെ പതുക്കെ കാലടികൾ വെച്ച് അവൾ പൂമുഖത്തേക്കുവന്ന തൂൺ ചാരി താഴേക്ക് നോക്കി നിന്നു.

"എന്താ മോളേയിത്" ചെറിയമ്മ ലക്ഷ്മിയോട് ചോദിച്ചു.

മണവാട്ടികള് ഈ വേഷത്തിലാണോ നിൽക്കുക നിനക്ക് ഈ മുടുയൊന്ന് ഒതുക്കി വെച്ചു കെട്ടി ഒരു പോട്ടു തോട്ടുകൂടെ ഈ സാരിയോന്നുമാറ്റി പുതിയ സാരിയോന്ന് എടുത്തണിഞ്ഞോ?

ലക്ഷ്മി മിണ്ടാതെ അങ്ങിനെ തന്നെ നിന്നു അമ്മ ലക്ഷ്മിയുടെ അടുത്തേക്കു ചെന്നു

നിൻെറ സമ്മതോല്യാണ്ടാ ഞങ്ങളിത നടത്തണേന്നാ നാട്ടുകാരും അയൽവാസികളും പറയുന്നെ എന്തിനാ മോളെ ആളുകളെകോണ്ട് എന്തെങ്കിലു പറയിക്കണെ ലക്ഷ്മി അതിനും ഒന്നും മിണ്ടിയില്ല സാരിത്തല പിടിച്ചുകൊണ്ട് അകത്തേക്കുപോയി.

അമ്മ ദീർഘശ്വാസമിട്ടു.

"എനിക്കീ ജന്മത്തില് കല്ല്യാണം വേണ്ടാന്ന അവള് പറേണത് ഈ ഡിസംബറിൽ അവൾക്ക് 28 വയസ്സ തികയും ഇനിയും വച്ച് നീട്ടാൻ പറ്റ്വോ ഞങ്ങളു കൊറേ ചോദിച്ചു. മോളേ നീ മനസ്സിലാരേയും കണ്ടു വച്ചിട്ട ണ്ടോന്നണ, ആരൂല്യാ എനിക്ക് ഒരു പുരുഷൻെറ കീഴിലു കഴിയാൻ പറ്റില്യാ എന്നോക്കെയാ അവള് പറേണത് അമ്മ വർത്തമാനം നിർത്താതെത്തന്നെ തുടർന്നു സഹദേവനെപ്പോലെ ഒരാളെ കിട്ടാൻ ഇത്തിരി ഭാഗ്യ തന്നെ ചെയ്യണം അവനെന്താപ്പോരു കൊറവു് ഇഷ്ടം പ്പോലെ പണവുമുണ്ട്.

വെപ്പുപുരയിൽ നിന്നും ഉറക്കെയുള്ള അച്ഛൻെ സംസാരം കേട്ടപ്പോഴാണ് അമ്മ വർത്തമാനം നിർത്തിയത്

'ചെറിയമ്മ അല്ല്. അവളുപറയുന്നതിലും ഇത്തിരി കാര്യമൊക്കയുണ്ട് നല്ല പഠിപ്പുള്ള കുട്ടിയല്ലേ എങ്ങിനെയെങ്കിലും പിള്ളേരെ വല്ലോൻെറ തലേലു കെട്ടിയേലപിച്ചാ ചുമതല കഴിഞ്ഞൂന്നാ നമ്മുടെ വിചാര പിന്നെ കെട്ടിയവൻെറ ചവിട്ടും കുത്തും കൊണ്ട് ചാകണ വരെ പെൺകുട്ട്യോള് കഴിയണം'.

ഇതു കേട്ടപ്പോൾ രാധേടത്തി ചൊടിച്ചു.

'ചെറിയമ്മയ്ക്കിതൊക്കെ പറയാം, ആണായിട്ടും പെണ്ണായിട്ടും, ചെറിയമ്മയ്ക്ക് ശിവൻകുട്ടി മാത്രമേയുള്ളൂ പെങ്കുട്ട്യോളുള്ള അമ്മമാരോട് ചോദിക്കൂ അപ്പവരും അവ അനുഭവിക്കുന്ന ദണ്ഡം പറയും.'

വീട്ടിലെ ബഹളം സാവധാനം കെട്ടടങ്ങുകയാണ് വന്നവരൊക്കെ അവിടെയും ഇവിടെയുമായി കിടന്നു ഉറങ്ങിതുടങ്ങി. വെപ്പുപുരയിൽ മാത്രം അടക്കിപ്പിടി ച്ചെന്തൊക്കെയോ സംസാരിക്കുന്നു.

പാതിരയോടെ അമ്മയുടെ നിലവിളി കേട്ടാണ് ഞങ്ങളെല്ലാവരും ഉണർന്നത്. ഞങ്ങളോടി അകത്ത ലക്ഷ്മിയുടെ മുറിയിലെത്തി. അമ്മ കട്ടിലിൽ കിടന്ന തേങ്ങിക്കരയുകയാണ്. മാറോട് ചേർത്ത് പിടിച്ച കടലാസ അച്ഛൻ വലിച്ചെടുത്തു.

ലക്ഷ്മി എഴുതിയതാണ്. നിങ്ങളുടെ ഒരു തീരുമാനത്തിനും ഞാൻ . അനുസരണക്കേട് കാണിച്ചില്ല നിങ്ങൾക്ക് തന്നെ ശ്വാസിക്കുന്നതിനോ. ശിക്ഷിക്കു ന്നതിനോ, ഇടയും വന്നിട്ടില്ല. പക്ഷെ ഇതുമാത്രം എനിക്കനുസരിക്കാൻ പറ്റില്ല.

അച്ഛൻ തിരിഞ്ഞ് ആരോടെന്നില്ലാതെ ചോദിച്ചു.

"അവളെവിടെപ്പോയി ?........"

മൂന്നാം വർഷ ബി. എ. ഇക്കണോമിക്സ്

# സുമി

പട്ടണത്തിലെ തിരക്കുള്ള ബസ്റ്റോപ്പ്.

ആൾക്കൂട്ടത്തിനിടയിൽ ഞാൻ തിരഞ്ഞു...... വെളു ത്തു മെലിഞ്ഞ നീണ്ടമുടിയുള്ള.......

പക്ഷെ ഇന്നവളെ കാണാനില്ല.... എന്തേ അവൾ വ രാത്തത്...... വൈകുന്നേരങ്ങളിൽ വീട്ടിലേക്ക് ബസ് കാത്തുനിൽക്കുമ്പോൾ അവൾ എനിയ്ക്കൊരു ഹ മായിരുന്നു. തിരക്കിനടയിൽ ഞാനാദ്യം തിരയുന്നത് അവളെയായിരുന്നു. തന്നെ നോക്കി പുഞ്ചിരിക്കുന്ന അവൾ..... ആ കണ്ണുകൾ ആ പുഞ്ചിരി...... പരസ്പരം വാക്കുകൾ കൈമാറിയിട്ടില്ല ആ ബന്ധം........

അവളാര് എന്തുചെയ്യുന്നു, എന്താണവളുടെ പേര് ഒന്നുമെനിക്കറിയില്ല. ഇന്നെല്ലാം ചോദിക്കണമെന്ന് ക രുതിയാണ് വന്നത്. എഴുതി മന:പാഠമാക്കിവെച്ച ഡയ ലോഗുകളുമായി ഞാൻ വന്നു പക്ഷെ....

ബസ്റ്റോപ്പിന് കുറച്ചപ്പുറത്തായി ഒരു ചെറിയ ആൾ ക്കൂട്ടം അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്..... അതാ അവി ടെ..... വെളുത്തു മെലിഞ്ഞ, നീണ്ട മുടിയുള്ള..... അ വൾ തന്നെ, ഞാൻ അടുത്തേക്ക് ചെന്നു.

സ്വർണ്ണ നിറത്തിലുള്ള പ്രതിമകൾ വിൽക്കുന്ന ഒ രു പയ്യൻ. ചുറ്റും കൂടി നിൽക്കുന്ന ആളുകൾ. "എ തെടുത്താലും രണ്ടുരൂപാ സാർ, ഒരു സിഗരറ്റിന്റെ വി ലയേയുള്ളു സാർ" പയ്യൻ വിളിച്ചു പറയുന്നു.

ആദ്യമായാണ് ഇത്രയും അടുത്ത് അവളെ കാണു ന്നത്. അല്പം വിറയലോടെ ഞാൻ ചോദിച്ചു-പേര്....

മന്ദസ്മിതത്തോടെ അവൾ പറഞ്ഞു-സുമി....

യേശുവും, ശിവനും, ബുദ്ധനും, മക്കയും ചിതറി ക്കിടക്കുന്ന പയ്യന്റെ മേശയിലേക്ക് നോക്കി ഞാൻ ചി ന്തിച്ചു..... ഇക്കാലത്ത് ജാതിയും മതവുമൊക്കെ ചോ ദിക്കുകയാന്നു വെച്ചാൽ..... എന്നാലും സുമി എന്നു പറഞ്ഞാൽ.... എങ്ങിനെ ചോദിക്കും?

കൂട്ടത്തിൽ നിന്ന് ചികഞ്ഞെടുത്ത കൃസ്തുവിന്റെ രൂപമെടുത്ത് അവൾ ചോദിച്ചു.... നല്ല ഭംഗിയില്ലേ?


കയ്യിലെടുത്ത ശ്രീകൃഷ്ണന്റെ രൂപം താഴെയിട്ട് അകലേക്ക് നോക്കി ഞാൻ പറഞ്ഞു.

"എന്റെ ബസ് വരുന്നു..... ഞാൻ പോട്ടെ"

"ഏതു ദൈവങ്ങൾക്കും രണ്ടു രൂപ സാർ, ഒരു സിഗരറ്റിന്റെ കാശ് മാത്രം...... വാങ്ങിക്കു സാർ" പ യ്യൻ ആവർത്തിക്കുന്നുണ്ടായിരുന്നു.

# SUN'S DEATH

**RAJANI. P**
I BSc. Chemistry



My mother's sound made me wake, I got up now and looked at the clock, it was 8 O' clock. I came to the veranda and looked at the sky and then saw the shining sun. I asked him, "Dear sun uncle, why are you punctual in rising and setting?" He replied with smile, "Dear little Famny, If I don't be punctual you people would have to starve". I wanted to give a shot to him, but I could not, because it was getting late to the college and I turned over to take both which everybody hates. After that we all dined together and I started to the college. When I entered the fashion world with the joyful mood. When I was not able to bear the hear radiated by the sun, I asked, "Uncle, why are you burning yourself as well as troubling us people also"? He replied, with a sad ness in his face, "Dear, though, you people hate me, it is my duty to sacrifice my self and provide facilities to you, if I don't burn like this, from where you will get your thing s done and is turn you people wanted to kill me!" I too felt very sad on his reply; but one cannot do anything for it. After a while haterate was created in my mind towards him, but the "Sun Uncle" liked me so much. He told, "You have taken a special seat in my heart". When I heard his words, I trumbled as if I was in the dark in the whole life. I lost myself, because at least one of the nature in the world loves me so deeply even though I hate. I understood he liked my inheart very much. I thanked him very much and answered him, "I am very greatful and thankful to you, to have such a good company". I never dreamt in my life.

Evening when I was returning from the shopping, I saw the sun was wearing a beautiful red dress. I questioned him, "Why are you wearing red dress?"..."I am doing my duty", he replied.

When I heard his reply, I felt sorry for him, I understood some body is defeating him from all the sides, but I was helpless, I can only give satisfying words nothing else. He was happy with my custary feeling.

I wanted to clear a doubt, I asked, "Dear Uncle why do you take bath for 12 hrs a day?" He replied with Dry and sad torn, "I want to wash this red colour in my dress". So sad, the uncle don't know, the colour would again stick on his dress. I don't want to make him sad by saying the truth, but at the same time I don't want him to be in dark. The circum stances was in dilema. Any way, it was left in air.

The next morning, I saw the sun once again, but their was a change in him. A part of body was broken. I asked him, "How have you become a hanidcap?" He replied, "To use me completely". I felt very sad, I thought if I were able to help him; No, no, people will use me also like him.

In the evening I saw the sun with his red dress. Sad feeling was prevailed in his face. "Why do you look sad", I asked. He replied, "I am thinking who will save you people from the destruction".